*Kerala Catholic Bishops' Council's*

Vol-1,N0:28
27-10-2007

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com

**Commission Chairman**
Archbishop Mar Joseph Powathil
**Commission Secretary**
Fr. Johny Kochuparambil mst

**Vice-Chairmen**
Archbishop Dr. Daniel Acharuparambil
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

# ജാഗ്രത

പ്രധാനവാർത്തകൾ

01. സ്ഥാപിത താത്പര്യത്തോടെ ചരിത്രത്തെ വളച്ചൊടിക്കരുത്: ആർച്ച് ബിഷപ് അച്ചാരുപറമ്പിൽ.
02. ആരോപിക്കുന്നവർക്ക് സഭാ രേഖയുടെ വിലയറിയില്ല : കാതോലിക്കാ ബാവ.
03. അന്ത്യകൂദാശ വിവാദത്തിന് മാനങ്ങളേറെ.
04. വിദ്യാഭ്യാസ സ്ഥാപനങ്ങൾ അടച്ചിട്ടതിനെതിരെ ഹർജി ഫയലിൽ.
05. ഡോക്ടർമാരുടെ സമരം: മുഖ്യമന്ത്രി ഇടപെടണം.
06. വിശക്കുന്ന ലോകം കൈനീട്ടുന്നു.
07. പുതിയ തൊഴിൽ സംസ്കാരം കാലഘട്ടത്തിന്റെ ആവശ്യം : ഡോ. ജോസഫ് കാരിക്കശേരി.

## 01. സ്ഥാപിത താത്പര്യത്തോടെ ചരിത്രത്തെ വളച്ചൊടിക്കരുത്: ആർച്ച് ബിഷപ് അച്ചാരുപറമ്പിൽ

(Deepika 20-10-2007)

മനുഷ്യൻ വെറും ചരിത്രസ്മാരകമായി മാറുവാൻ അനുവദിക്കരുതെന്നും സത്യത്തോട് കൂറുപുലർത്താതെ മിഥ്യയായ സങ്കല്പങ്ങൾ പ്രചരിപ്പിക്കുന്ന കാലഘട്ടത്തിലൂടെയാണ് നാം കടന്നുപോകുന്നതെന്നും വരാപ്പുഴ ആർച്ച് ബിഷപ്പ് ഡോ. ഡാനിയേൽ അച്ചാരുപറമ്പിൽ പറഞ്ഞു. കൊച്ചി രൂപതയുടെ 450-ാം വാർഷികത്തോടനുബന്ധിച്ച് ഇടക്കൊച്ചി പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിച്ച ദേശീയ ചരിത്രസെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സ്ഥാപിത താൽപര്യങ്ങളോടെ ചരിത്രത്തെ വളച്ചൊടിച്ച് ചരിത്രവസ്തുക്കളാക്കുന്നത് നീതിക്കു നിരക്കുന്നതല്ലെന്നും കഴിഞ്ഞ കാലചരിത്രത്തോട് നീതി പുലർത്തി വേണം ഇനിയങ്ങോട്ട് സന്ധി ചെയ്യുവാനെന്നും ബിഷപ് പറഞ്ഞു. സഭയെ എതിർക്കുന്നവരെ ശക്തിയായി നേരിടണമെന്നും അദ്ദേഹം പറഞ്ഞു. കൊച്ചി മെത്രാൻ ഡോ. ജോൺ മെത്രാൻ ഡോ. ജോൺ തട്ടുങ്കൽ അധ്യക്ഷത വഹിച്ചു. സിസ്റ്റർ ഡോ. ആനറ്റ് തോട്ടക്കര, ഫാ. ഫ്രാൻസിസ് കുരിശിങ്കൽ, ജോൺ വിൽഫ്രഡ്, സി. ഡി സെബാസ്റ്റ്യൻ എന്നിവർ പ്രസംഗിച്ചു.

## 02. ആരോപിക്കുന്നവർക്ക് സഭാ രേഖയുടെ വിലയറിയില്ല: കാതോലിക്കാ ബാവ

(Malayala Manorama 19-10-2007)

കത്തോലിക്കാ സഭയുടെ കൂദാശ രജിസ്റ്ററുകൾ വിശുദ്ധവും ഇന്ത്യൻ നീതിന്യായ കോടതികൾ വരെ അംഗീകരിച്ച രേഖയുമാണെന്നും അതു മനസ്സിലാക്കാതെയാണ് പലരും മത്തായി ചാക്കോ പ്രശ്നത്തിൽ സഭ വ്യാജരേഖയുണ്ടാക്കിയെന്ന് ആക്ഷേപിക്കുന്നതെന്നും മേജർ ആർച്ച് മാർ ബസേലിയോസ് ക്ലിമ്മീസ് കാതോലിക്കാ ബാവ. പിൽക്കാലത്ത് എന്തോ കളികൾക്കു വേണ്ടി 15 കൊല്ലം മുൻപേ രേഖയുണ്ടാക്കിയെന്ന മട്ടിലാണ് ആക്ഷേപം. ആവശ്യമെങ്കിൽ ആരോപണം പോലീസ് അന്വേഷിക്കട്ടെ. സഭയ്ക്ക് ഒളിച്ചു വെയ്ക്കാൻ ഒന്നുമില്ല. അതിന്റെ നൂലാമാലകൾ ബന്ധപ്പെട്ടവർ തെളിയിക്കട്ടെ. തിരുവനന്തപുരം യാക്കോബായ കൺവെൻഷൻ ഉദ്ഘാടനം ചെയ്ത ശേഷം അദ്ദേഹം പത്രലേഖകരോട് പറഞ്ഞു. രോഗീലേപനം കൊടുക്കാത്തയാൾക്ക് കൊടുത്തുവെന്ന് പറയുന്നതു കൊണ്ട് കത്തോലിക്കാ സഭയിലെ ഒരു വൈദികനോ ബിഷപ്പിനോ എന്തു കിട്ടും? കൊടുക്കാത്ത കാര്യം കൊടുത്തുവെന്നു പറയാൻ ഒരു ബിഷപ്പ് മുതിരുമോ? ഭാരതീയ സങ്കൽപം അനുസരിച്ച് പൂജ നടത്താതെ, നടത്തിയെന്ന് പൂജാരി പറയുമോ? വെറും സാധാരണക്കാർ പറയുന്ന പോലെ അതിനെ ഇകഴ്ത്തിക്കാട്ടുന്നത് ശരിയല്ല. ക്രിസ്തീയ സഭയിലെ വിവാഹ രജിസ്റ്ററിന്റെ പവിത്രത മാറ്റുരയ്ക്കപ്പെടുന്നത് ഇത് ആദ്യമല്ല. കോടതി പോലും ചോദ്യം ചെയ്തിട്ടില്ലാത്ത രജിസ്റ്റർ വ്യാജരേഖയാണെന്നു പറയുന്നവർ സഭയുമായുള്ള വിടവു കൂട്ടുകയാണ്. വിടവു വർദ്ധിപ്പിക്കുന്നതിന്റെ പ്രയോജനം ആർക്കാണ്?

തനിക്ക് അപ്രിയമായതു പറയുന്നതു കൊണ്ട് ആ ആൾ കള്ളമേ പറയൂ എന്ന് വിലയിരുത്തുന്നത് നമ്മുടെ സംസ്കാരത്തിനു നല്ലതല്ല. കത്തോലിക്കാ സഭയ്ക്കു ഗൂഢതന്ത്രങ്ങളൊന്നുമില്ല. യു. ഡി. എഫിനുവേണ്ടി പറയേണ്ട കാര്യം സഭയ്ക്കില്ല. അത്തരമൊരു സാഹചര്യവും നിലവിലില്ല. ഈ പ്രശ്നം നിലനിൽക്കുന്നത് നല്ലതല്ല. ഇതു പരിഹരിക്കപ്പെടണം. സഭയ്ക്കുണ്ടായ വേദനകളും ബുദ്ധിമുട്ടുകളും ബന്ധപ്പെട്ടവരെ അറിയിച്ചിട്ടുണ്ട്. വിദ്യാഭ്യാസ പ്രശ്നത്തിൽ കഴിഞ്ഞ കുറെക്കാലമായി സഭയ്ക്കെതിരെയുള്ള പരാമർശങ്ങൾ കൂട്ടി വായിക്കുമ്പോൾ ഇതു കരുതികൂട്ടി ചെയ്ത പോലെ തോന്നും. തെറ്റ് ചെയ്ത ആരായാലും തെറ്റിപ്പോയെന്നു പറയുന്നതിൽ പ്രയാസപ്പെടേണ്ട കാര്യമില്ല. ആരു മാപ്പു പറയണമെന്നു താൻ പറയുന്നില്ല. അടിസ്ഥാന മൂല്യങ്ങൾ സംരക്ഷിക്കുന്നതിന് ഉത്തരവാദപ്പെട്ട സ്ഥാനങ്ങളിൽ ഇരിക്കുന്നവർ കൂടുതൽ ശ്രദ്ധിക്കണം. ഈ ദേശത്തുള്ള എല്ലാവരെയും ഉദ്ദേശിച്ചാണ് താൻ ഇതു പറയുന്നത്. വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ 'വഞ്ചി തിരുനക്കരെ തന്നെ' എന്ന അവസ്ഥയിലാണെന്നും കാതോലിക്കാ ബാവ പറഞ്ഞു.

03. **<u>അന്ത്യകൂദാശ വിവാദത്തിന് മാനങ്ങളേറെ</u>** (Madhayam 17-10-20007)

അന്ത്യകൂദാശ വിവാദത്തിലും സി. പി. എം ലക്ഷ്യമിടുന്നത് ഇലക്ടറൽ രാഷ്ട്രീയം തന്നെ. പാർട്ടിക്കുള്ളിലും പൊതുരാഷ്ട്രീയത്തിലും സ്വാധീനമുറപ്പിക്കുകയെന്ന ലക്ഷ്യമാണ് വിവാദത്തെ പ്രോൽസാഹിപ്പിക്കുന്നതിൽ സി. പി. എം നേതൃത്വത്തിലുള്ളതെന്ന് വ്യക്തമാക്കുന്നു. മത-മതേതര വോട്ടുകളെ പാർട്ടി നേതൃത്വം ആകർഷിക്കാൻ ശ്രമിക്കുന്നു, അതേസമയം എന്നും യു. ഡി. എഫിനോടൊപ്പം നിൽക്കുമെന്നുറപ്പുള്ള വിഭാഗങ്ങളെ ശക്തമായി എതിർക്കാനും അവരുടെ യു. ഡി. എഫ് സഖ്യം തുറന്നു കാട്ടാനുള്ള ശ്രമവും ഇതിന് പിന്നിലുണ്ട്. ക്രിസ്ത്യൻ സമുദായങ്ങൾ പൂർണ്ണമായും കോൺഗ്രസ്സിനും യു. ഡി. എഫിനും അനുകൂലമാണെന്ന പഴയനിലപാട് ഇന്ന് സി. പി. എമ്മിനല്ല. എന്നാൽ കത്തോലിക്കാ വിഭാഗം യു. ഡി. എഫിന്റെയും കോൺഗ്രസ്സിന്റെയും സ്വന്തമാണെന്ന് അവർ കരുതുന്നു. ഈ കത്തോലിക്കാ വിഭാഗത്തിൽ ലത്തീൻ വിഭാഗത്തെ സി. പി. എം പെടുത്തിയിട്ടില്ല, അവർ ഈ വിവാദത്തിൽ പ്രതികരിച്ചിട്ടുണ്ടെങ്കിലും. മുസ്ലിം വിഭാഗങ്ങളിലാണെങ്കിൽ ലീഗ് ഇതരരെ കൂടുതൽ അടുപ്പിക്കുകയെന്നതാണ് പാർട്ടി നേതൃത്വത്തിന്റെ ലക്ഷ്യം. സച്ചാർ കമ്മിറ്റി റിപ്പോർട്ട് പൂർണ്ണമായി നടപ്പാക്കണമെന്ന ആഗ്രഹം ലീഗിതര മുസ്ലീം സമുദായ സംഘടനകളാണ് പ്രകടിപ്പിച്ചിട്ടുള്ളത്. ഈ നിലപാടിന് അനുസൃതമാണ് സി. പി. എമ്മിന്റെ സമീപനവും. മത്തായി ചാക്കോയുടെ അന്ത്യകൂദാശ പ്രശ്നത്തിൽ ഏറ്റവും പ്രകോപിതരായത് കത്തോലിക്കാ വിഭാഗമാണ്. അവർക്കെതിരെ ശക്തമായ തിരിച്ചടി നൽകിക്കൊണ്ട് കൂടുതൽ പ്രകോപിക്കുന്ന നിലപാടാണ് സി. പി. എം സംസ്ഥാന സെക്രട്ടറി സ്വീകരിച്ചിട്ടുള്ളത്. മതവികാരം വ്രണപ്പെടുന്ന വിധത്തിലേക്ക് കടക്കാൻ അദ്ദേഹം മടിച്ചില്ല. സാധാരണ ഗതിയിൽ ഈ വിധം നിലപാട് സ്വീകരിക്കുന്ന ബി. ജെ. പി ഇന്ന് കേരളത്തിൽ ദുർബലമാണ്. ബി. ജെ. പിയെക്കാൾ ഹൈന്ദവാധിഷ്ഠിത പിൻബലമുള്ള പാർട്ടി കേരളത്തിൽ സി. പി. എം ആണ്. അരാഷ്ട്രീയ നിലപാടുള്ള ഹൈന്ദവവിഭാഗങ്ങൾക്ക് കേരളത്തിൽ ഇടക്കാലത്തുണ്ടായ കത്തോലിക്കാ മുന്നേറ്റങ്ങളിലുണ്ടായ അസ്വസ്ഥതകളും അതൃപ്തികളും മുതൽക്കൂട്ടാക്കാൻ സി. പി. എമ്മിന്റെ പുതിയ നിലപാടിന് കഴിയുമെന്ന് നേതൃത്വം കരുതുന്നുണ്ട്. ക്രൈസ്തവ നേതൃത്വത്തെ ധൈര്യപൂർവ്വം എതിർത്തു നിന്ന, വൈദിക ശ്രേഷ്ഠരുടെ മുഖത്തുനോക്കി വെല്ലുവിളിച്ച ഒരു നേതൃത്വത്തെയാണ് സി. പി. എമ്മിന്റെ മുകൾ തട്ടിൽ അവർ കാണുന്നുണ്ട്. പണ്ട് കോൺഗ്രസ്സുമായി അകന്നു നിന്ന കാലത്ത് കത്തോലിക്കാ കോൺഗ്രസ്സ് എന്ന് എ. കെ ആന്റണി വിളിച്ച കാലഘട്ടത്തെ ഓർമ്മിപ്പിക്കും വിധമുള്ള സമീപനമാണ് പിണറായി വിജയൻ കാഴ്ചവെച്ചത്. ഇതിലൂടെ ഹൈന്ദവരിലെ അരാഷ്ട്രീയ വോട്ടർമാരെയും മതേതര വിശ്വാസികളെയും ആകർഷിക്കാൻ വിജയന് കഴിയുമെന്ന വിശ്വാസം അദ്ദേഹത്തിന്റെ സഹപ്രവർത്തകർക്കുണ്ട്.

കത്തോലിക്കാ വിഭാഗത്തെയും ഇതര വിഭാഗങ്ങളെയും രണ്ടായാണ് സി. പി. എം നേതൃത്വം കാണുന്നത്. സമ്പന്നരായ കത്തോലിക്കാ വിഭാഗം വിശ്വാസപ്രമാണങ്ങളാൽ മുറുകെപ്പിടിച്ച് നിൽക്കുന്നു. മറ്റ് വിഭാഗങ്ങളിൽ സാമൂഹിക സാമ്പത്തിക പാരാധീനതകൾ അനുഭവിക്കുന്നവരാണ് ഏറെയും. അവർക്ക് ആശ്വാസകരമായി ചില ശുപാർശകൾ സി. പി. എം വാഗ്ദാനം ചെയ്യുന്നു. കത്തോലിക്കാ വിഭാഗവുമയി അനുരഞ്ജനത്തിനില്ല എന്ന സൂചന വഴി ക്രിസ്ത്യൻ വിഭാഗത്തെ രണ്ടാക്കി നിർത്തി കത്തോലിക്കാ ഇതര വിഭാഗങ്ങളെ ആകർഷിക്കാനുള്ള ശ്രമമാണുള്ളത്. പാർട്ടിയിൽ വിശ്വാസികൾക്കും അവിശ്വാസികൾക്കും ഒരു പോലെ സ്വാതന്ത്ര്യമുണ്ടെന്ന വിജയന്റെ പ്രസ്താവന ഈ അർഥത്തിൽ ശ്രദ്ധേയമാണ്. കൂദാശവിവാദം തിരുവമ്പാടി ഉപതെരഞ്ഞെടുപ്പിൽ ഉയർത്തിയിട്ടും 3000 വോട്ടു കൂടുകയേ ചെയ്തുള്ളൂവെന്ന് വിജയൻ ചൂണ്ടിക്കാട്ടിയതിലൂടെ കത്തോലിക്കാ വിഭാഗം ഇടഞ്ഞുനിന്നാൽ ഇടതുപക്ഷത്തിന് ഒന്നുമില്ലെന്ന് അദ്ദേഹം പ്രഖ്യാപിക്കുകയായിരുന്നു. ഇനി സി. പി. എമ്മിലെ വിഭാഗീയതയിലും ഈ വിവാദം പ്രതിഫലിക്കുന്നതു കാണാം. ധീരമായ വെല്ലുവിളികൾ വഴി പാർട്ടിയിൽ സംസ്ഥാന സെക്രട്ടറിക്ക് ലഭിച്ചത് വീരപരിവേഷമാണ്.

അതിനെ സംസ്ഥാന സമിതി സ്വാഗതവും ചെയ്തു. അന്തരിച്ച മത്തായി ചാക്കോ വി. എസ് പക്ഷത്തെ പ്രമുഖനായിരുന്നു. അദ്ദേഹത്തെ ന്യായീകരിക്കുകയും കുടുംബത്തിന് സംരക്ഷണം നൽകുന്ന നിലപാട് സ്വീകരിക്കുകയും ചെയ്യുമ്പോൾ അദ്ദേഹത്തോടടുപ്പമുളളവർക്കും പിണറായി പക്ഷത്തോട് അടുപ്പമുണ്ടാവുകയാണ്. അതേസമയം, മത്തായി ചാക്കോ വിശ്വാസിയായിരുന്നെന്ന് തെളിയിക്കാൻ സഭാനേതൃത്വം കിണഞ്ഞു ശ്രമിക്കുന്നു. അതുവഴി മത്തായി ചാക്കോയുടെ വിശ്വാസപരമായ രഹസ്യങ്ങൾ ചിലതെങ്കിലും പുറത്തുവരികയും ചെയ്യുന്നു. ഇതും പാർട്ടിയിലെ എതിർപക്ഷത്തെയാണ് ദോഷകരമായി ബാധിക്കുക. ഇതൊക്കെ ഇടക്കാലത്ത് പാർട്ടി സെക്രട്ടറി കളിച്ച രാഷ്ട്രീയ കളികളിൽ മികച്ചതാണെന്ന് കാണാം. അതിൽ മുന്നൊരുക്കങ്ങൾ ഉണ്ടായിരുന്നുവെന്നും സൂചനയുണ്ട്. അതൊരു പക്ഷെ, സാധ്യതയുണ്ടെന്ന് കരുതിയ ലോക്സഭാ തെരഞ്ഞെടുപ്പ് മുന്നിൽ കണ്ട് ആസൂത്രണം ചെയ്തതുമാകാം.

04. **വിദ്യാഭ്യാസ സ്ഥാപനങ്ങൾ അടച്ചിട്ടതിനെതിരെ ഹർജി ഫയലിൽ** ( Deshabhimani 23-10-2007)

താമരശ്ശേരി രൂപതയുടെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി നൽകിയത് ചോദ്യം ചെയ്ത് സമർപ്പിച്ച ഹർജി ഹൈക്കോടതി ഫയലിൽ സ്വീകരിച്ചു. സർക്കാരിനും രൂപതാ കോർപ്പറേറ്റ് മാനേജർക്കും ജസ്റ്റിസ് എസ് സിരിജഗൻ നോട്ടീസയച്ചു. രൂപതയ്ക്കു കീഴിലുള്ള മൈലാംപാറ സെന്റ് ജോസഫ് യു. പി സ്കൂളിലെ രക്ഷാകർത്താവായ പി. കെ ഷാജിയും മറ്റും സമർപ്പിച്ച ഹർജിയാണ് കോടതി ഫയലിൽ സ്വീകരിച്ചത്. സി. പി. ഐ.എം സംസ്ഥാന സെക്രട്ടറി പിണറായി വിജയൻ താമരശേരി ബിഷപ്പിനെതിരെ പ്രസ്താവന നടത്തിയെന്നാരോപിച്ച് ഒക്ടോബർ 17-ന് രൂപതയ്ക്കു കീഴിലെ 200 ഓളം വിദ്യാഭ്യാസ സ്ഥാപനങ്ങൾ അടച്ചിട്ടത് നിയമ വിരുദ്ധമാണെന്നാണ് ഹർജി. കേരള വിദ്യാഭ്യാസ ചട്ടങ്ങൾ പ്രകാരം മാനേജർ സ്കൂൾ അടച്ചിട്ടത് നിയമവിരുദ്ധമാണെന്നും ഇത് ഹൈക്കോടതി ഭരണഘടനാവിരുദ്ധമായി പ്രഖ്യാപിച്ച വിദ്യാഭ്യാസബന്ദിനു സമാനമാണെന്നും ഹർജിയിൽ പറയുന്നു. പി. ടി. എയുമായോ മറ്റ് വിദ്യാഭ്യാസ വകുപ്പ് അധികൃതരുമായോ ആലോചിക്കാതെ ഏകപക്ഷീയമായാണ് മാനേജർ സ്കൂളുകൾ അടച്ചിട്ടത്. അതിനാൽ നഷ്ടപ്പെട്ട അധ്യായന ദിവസത്തിനു പകരം ക്ലാസ് നടത്തണമെന്നും സ്കൂളുകൾ അടച്ചതിന് സർക്കാർ നടപടി വേണമെന്നും ഹർജിയിൽ ആവശ്യമുണ്ട്.

05. **ഡോക്ടർമാരുടെ സമരം: മുഖ്യമന്ത്രി ഇടപെടണം** ( Veekshanam 17-10-2007)

ഡോക്ടർമാരുടെ നിസ്സഹകരണ സമരം മൂലം രണ്ടാഴ്ചയിലേറെയായി സംസ്ഥാനത്തെ ആരോഗ്യരക്ഷാപ്രവർത്തനങ്ങൾ ഏറക്കുറെ നിശ്ചലമാണ്. രോഗപ്രതിരോധ പ്രവർത്തനങ്ങളും ആരോഗ്യബോധവത്ക്കരണ നടപടികളും മുടങ്ങി. സാംക്രമികരോഗങ്ങൾ ഭീതിതമാംവിധം പെരുകുന്നു. സർക്കാർ പതിവുപോലെ കൈയും കെട്ടി ഇരിക്കുന്നു. ഡോക്ടർമാർ സമരമാരംഭിച്ചിട്ട് 16 ദിവസം പിന്നിട്ടെങ്കിലും ഇന്നാണ് കെ. ജി. എം. ഒ. എ അടക്കമുള്ള അവരുടെ സംഘടനാ പ്രതിനിധികളുമായി ഒരു ചർച്ചയ്ക്ക് സർക്കാർ സന്നദ്ധമായിരിക്കുന്നത്. ചർച്ച തുടങ്ങുന്നതിന് രണ്ടുദിവസം മുമ്പ് തന്നെ ഡോക്ടർമാർ സമരത്തിൽ നിന്ന് പിൻവാങ്ങണമെന്നും അവർ ആവശ്യപ്പെടുന്ന വേതന വർദ്ധനവ് ഉൾപ്പെടെയുള്ള ഒരു കാര്യവും അനുവദിക്കാനാവില്ലെന്നും ധനമന്ത്രി, ആരോഗ്യമന്ത്രി എന്നിവർ സംയുക്ത പത്രസമ്മേളനത്തിൽ വ്യക്തമാക്കിയിരുന്നു. ഇന്ന് നടക്കുന്ന ചർച്ചയിൽ സർക്കാരിന്റെ നിലപാട് എന്തെന്ന് മുൻകൂട്ടി പ്രഖ്യാപിക്കുന്നതുപോലെയായിരുന്നു മന്ത്രിമാരായ തോമസ് ഐസക്കിന്റെയും പി. കെ ശ്രീമതിയുടെയും പ്രസ്താവനകൾ. ഡോക്ടർമാരുടെ ഭീഷണിയും അന്ത്യശാസനവും വിലപ്പോവില്ലെന്ന് മന്ത്രിമാർ പറഞ്ഞു.

ഗവൺമെന്റ് സർവ്വീസിൽ പ്രവർത്തിക്കുന്ന ഡോക്ടർമാരുടെ പ്രതിമാസ ശമ്പളം കലാശാല അധ്യാപകരുടെയും എൻജിനീയർമാരുടെയും വേതനവുമായി താരതമ്യം ചെയ്താൽ നാമമാത്രമാണ്. സർക്കാരിന്റെ ചില വകുപ്പുകളിൽ ക്ലർക്കായി പ്രവർത്തിക്കുന്നവർക്ക് ഡോക്ടർമാരേക്കാൾ കൂടുതൽ വേതനം ലഭിക്കുന്നുണ്ട്. ഐ. ടി മേഖലയിൽ പ്രവർത്തിക്കുന്നവരുടെ വരുമാനവുമായി ഇന്നത്തെ സർക്കാർ ഡോക്ടർമാരുടെ ശമ്പളം തുലനം ചെയ്യുന്നില്ല. യോഗ്യതയ്ക്കും സേവനപരിചയത്തിനും അർഹമായ അംഗീകാരം കിട്ടാത്തതിനാൽ സർക്കാർ സർവ്വീസിൽ നിന്ന് ഡോക്ടർമാർ വിട്ടുപോകുന്നു. ധാരാളം ഒഴിവുണ്ടെങ്കിലും പുതുതായി യോഗ്യത നേടി ഇറങ്ങുന്ന ഡോക്ടർമാർ സർക്കാർ സർവ്വീസിലേക്ക് വരാൻ മടിക്കുന്നു. ഇക്കാര്യങ്ങളിലൊക്കെ ഗവൺമെന്റ് ഒരു വിദഗ്ദ്ധ കമ്മിറ്റിയെ വച്ചു പഠിക്കുകയും ഡോക്ടർമാരുടെ ശമ്പളം വർദ്ധിപ്പിക്കണമെന്ന ആ കമ്മിറ്റിയുടെ ശുപാർശ സ്വീകരിക്കുകയും ചെയ്തിരുന്നു. പക്ഷേ അപ്രകാരംവേതനം കൂട്ടാനാവില്ലെന്നാണ് ഇപ്പോൾ ധനമന്ത്രിയും പറയുന്നത്. ഇതു വാഗ്ദാന ലംഘനമാണെന്ന കെ. ജി. എ. ഒ. എയുടെ അഭിപ്രായത്തോട് ഞങ്ങൾ യോജിക്കുന്നു. എല്ലാ മേഖലകളിലും അർഹമായ ശമ്പള

വർദ്ധനവ് അനുവദിക്കുന്ന സർക്കാർ, ഡോക്ടർമാരുടെ കാര്യത്തിൽ മാത്രം പഞ്ഞത്തരം പറയുന്നത് മറ്റെന്തോ കാരണം കൊണ്ടാണ്. പൊതുജനാരോഗ്യ പ്രവർത്തനം അവതാളത്തിലാകണമെന്ന് സർക്കാരിന് നിഗൂഢമായ ഉദ്ദേശമുണ്ട്. സർക്കാർ ആശുപത്രികളിൽ നിന്ന് മെച്ചപ്പെട്ട ചികിത്സ ലഭിക്കാതെ വന്നാൽ രോഗികൾ കൂട്ടത്തോടെ സ്വകാര്യ ആശുപത്രികളിലേക്കു ചെല്ലും. അവിടത്തെ ഭീമമായ ചികിത്സാച്ചെലവ് താങ്ങാനാവാത്ത പാവങ്ങൾ പുഴുക്കളെപ്പോലെ മരിച്ചുവീഴും. സമ്പന്നരോഗികൾക്കു മാത്രം മെച്ചപ്പെട്ട ആരോഗ്യ പരിരക്ഷ ലഭിക്കും.

06. **വിശക്കുന്ന ലോകം കൈനീട്ടുന്നു.** (Mathrubhumi 17-10-2007)

വിശന്ന വയറുമായി കിടക്കപ്പായിലേക്ക് പോകുന്ന 80 കോടി ആളുകളുള്ള ലോകമാണിത്. ഒരു വർഷം ലോകത്ത് മരിച്ചുവീഴുന്നവരിൽ മൂന്നിലൊന്നുപേർ ദാരിദ്ര്യമോ അനുബന്ധകാരണങ്ങളാലോ ആണ് ജീവൻ വെടിയുന്നത്. അഞ്ചാം പിറന്നാൾ ആഘോഷിക്കുന്നതിനു മുമ്പ് മരിക്കുന്ന 1.10 കോടി കുട്ടികളുടെയും അന്തകൻ ദാരിദ്ര്യം തന്നെ. ഇതിന് അറുതിവരുത്താനുള്ള ശ്രമത്തിന്റെ ഭാഗമായാണ് ഐക്യരാഷ്ട്രസഭ എല്ലാ വർഷവും ഒക്ടോബർ 17 അന്താരാഷ്ട്ര നിർമ്മാർജ്ജന ദിനമായി ആചരിക്കുന്നത്. ദാരിദ്ര്യം അകറ്റാൻ യോജിച്ചുള്ള പ്രവർത്തനം എന്നതാണ് ഈ വർഷത്തെ പ്രമേയം. സഹസ്രാബ്ദത്തിന്റെ ലക്ഷ്യങ്ങളായി യു. എൻ അംഗീകരിച്ച എട്ട് ആശയങ്ങളിൽ ഒന്നാമത്തേത് കൊടിയ ദാരിദ്ര്യവും പട്ടിണിയും തുടച്ചു നീക്കുക എന്നതാണെന്നും ഓർക്കുക. നിലവിലുള്ള അവസ്ഥ തരണം ചെയ്യാനുള്ള പാവപ്പെട്ടവരുടെ കഴിവിന്റെ അടിസ്ഥാനത്തിൽ ദാരിദ്ര്യം പുനർനിർവചിക്കണമെന്ന് അമർത്യസെൻ അഭിപ്രായപ്പെട്ടിട്ടുണ്ട്. വരുമാനം ഇല്ലാത്തത് മാത്രമല്ല ആരോഗ്യ, വിദ്യാഭ്യാസ സൗകര്യങ്ങൾ ലഭ്യമാകാതിരിക്കുന്നതും ദാരിദ്ര്യാവസ്ഥ തന്നെയാണെന്ന് സാമ്പത്തിക ശാസ്ത്രജ്ഞർ പറയുന്നു. സുരക്ഷിതത്വമില്ലായ്മയും സമൂഹത്തിൽ പങ്കാളിത്തം ഇല്ലാതിരിക്കലും ഇതിൽപ്പെടും.

ദിവസം ഒരു ഡോളറിൽ താഴെ വരുമാനമുള്ളവരെയാണ് ലോകബാങ്ക് ദരിദ്രരുടെ പട്ടികയിൽപ്പെടുത്തുന്നത്. ലോകത്ത് ഈ തരക്കാർ 100 കോടി വരും. ഈ കണക്കനുസരിച്ച് സമ്പന്നരാജ്യമെന്ന് അഭിമാനിക്കുന്ന അമേരിക്കയിൽ പോലും 3.7 കോടി ദരിദ്രരുണ്ട്. ലോകത്ത് ജനസംഖ്യയിൽ രണ്ടാമത് നിൽക്കുന്ന രാജ്യമായ ഇന്ത്യയുടെ സ്ഥിതി പരിതാപകരം. ജനസംഖ്യിൽ 27.5 ശതമാനവും ദാരിദ്ര്യരേഖയ്ക്ക് താഴെയാണ്. ജനപ്പെരുപ്പം, യുദ്ധം, ജലദൗർലഭ്യം, കാലാവസ്ഥ, പരിസ്ഥിതി, വിദ്യാഭ്യാസം തുടങ്ങി ഒട്ടേറെ കാരണങ്ങൾ ദാരിദ്ര്യത്തിനു കാരണമായുണ്ട്. ദാരിദ്ര്യം ജനസംഖ്യവർദ്ധനയ്ക്ക് കാരണമായും ചൂണ്ടിക്കാണിക്കപ്പെടുന്നു. ആത്മഹത്യ, കുറ്റകൃത്യങ്ങൾ, തീവ്രവാദം തുടങ്ങി വ്യക്തിപരവും സാമൂഹികവുമായ ഒട്ടേറെ പ്രത്യാഘാതങ്ങളും ദാരിദ്ര്യത്തിന്റെ ഫലമായുണ്ടാകുന്നു. സാമ്പത്തികപുരോഗതി ലക്ഷ്യമിട്ടുള്ള ആഗോളീകരണം യഥാർത്ഥത്തിൽ ദാരിദ്ര്യമകറ്റാൻ സഹായിച്ചിട്ടുണ്ടോ എന്നത് ഇന്ന് ഗൗരവമായി ചർച്ചചെയ്യപ്പെടുകയാണ്. രണ്ടുശതമാനം ധനികരുടെ കൈയിലാണ് ലോകത്തെ ഗാർഹിക സമ്പത്തിന്റെ പകുതിയിലേറെയും. സമ്പത്തിന്റെ ഒരു ശതമാനം മാത്രമേ പകുതിയിലേറെ വരുന്ന പാവങ്ങളുടെ കൈവശമുള്ളൂ. ഈ സാഹചര്യത്തിൽ ആഗോളീകരണം പാവങ്ങൾക്ക് പ്രതീക്ഷയേകുന്നില്ല. സമ്പത്തിന്റെ നീതിപൂർവ്വകമായ വിതരണത്തോടൊപ്പം ദരിദ്രരുടെ സ്വയം സന്നദ്ധമായ പങ്കാളിത്തവും ദാരിദ്ര്യ നിർമാർജന പ്രവർത്തനങ്ങൾക്കുണ്ടാകണം. 8,77,500 കോടി നീക്കിവെയ്ക്കാൻ കഴിഞ്ഞാൽ അടുത്ത ദശാബ്ദത്തിൽ 25 കോടിപ്പേരുടെ പട്ടിണി മാറ്റാനും മൂന്നുകോടി കുട്ടികളെ രക്ഷിക്കാനും കഴിയുമെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. സമ്പന്ന രാജ്യങ്ങളുടെ സഹായത്തോടൊപ്പം വികസ്വര-അവികസിത രാജ്യങ്ങളിലെ ഭരണാധിപന്മാരുടെ ഇച്ഛാശക്തിയും ചേർന്നാലേ ഇതു സാധ്യമാകൂ.

07. **പുതിയ തൊഴിൽ സംസ്കാരം കാലഘട്ടത്തിന്റെ ആവശ്യം : ഡോ. ജോസഫ് കാരിക്കശേരി**

പുതിയ തൊഴിൽ സംസ്കാരം ഉണ്ടാകേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമെന്ന് വരാപ്പുഴ അതിരൂപത സഹായ മെത്രാൻ ഡോ. ജോസഫ് കാരിക്കശ്ശേരി. കേരളാ ലേബർ മൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ എറണാകുളം ആശിർഭവനിൽ നടന്നുവന്ന നേതൃത്വപഠന-പരിശീലന ക്യാമ്പിന്റെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. തൊഴിൽ മേഖലയിൽ ഇന്ന് ചൂഷണമാണ് നടക്കുന്നത്. ഇത് മേഖലയിലാകെ മൂല്യത്തകർച്ചയും പ്രതിസന്ധികളും ഉണ്ടാക്കിയിരിക്കുന്നു. ഇതിനെതിരേ പുതിയ തൊഴിൽ സംസ്കാരം ഉണ്ടായേ തീരുവെന്ന് ബിഷപ് കാരിക്കശ്ശേരി പറഞ്ഞു. ക്യാമ്പിൽ തൊഴിൽ രംഗം നേരിടുന്ന വിവിധ പ്രശ്നങ്ങളെക്കുറിച്ച് ഫാ. ജെയ്സൺ വടശേരി, ജോയി ഗോതുരത്ത്, ജോസഫ് ജൂഡ്, ജോസി പള്ളിപ്പുറം, ആന്റണി സി. പുത്തൻ പുരയ്ക്കൽ എന്നിവർ ക്ലാസുകൾ എടുത്തു. ഷാജു ആന്റണി, സിബി മാത്യു, കെ. ജെ തോമസ് എന്നിവർ ക്യാമ്പിന് നേതൃത്വം നൽകി.